KFRI

# വനേതര ഭൂമിയിൽ നിന്ന് മരംമുറിച്ച് ഉപയോഗപ്പെടുത്താനുള്ള നടപടി ക്രമങ്ങൾ


PROCEDURES for CUTTING TREES from OWN LAND,
TRANSPORTATION, SALE etc.
(Malayalam)

| | | |
|---|---|---|
| Published by | : | Extension and Training Division,<br>Kerala Forest Research Institute,<br>Peechi, Thrissur - 680653<br>Phone: 0487 2690336<br>Email: avraghu@kfri.res.in |
| First Edition | : | 1000 Copies, March 2014 |
| Designing & Printing | : | Printisign, Kozhikode |
| Courtesy | : | M.I. Varghese IFS (Rtd.), A treatise on Forest Laws in Kerala, Swami Law House, Kochi, 2012. |
| | : | *'Pouravakasa rekha'*, Published by Kerala Forest & Wildlife Department, Govt. of Kerala, 2013. |

Published as a part of the project titled "Preparing brochures on forestry aspects" (KFRI Ext. 264/2012)

KFRI

കേരള വനഗവേഷണ സ്ഥാപനം
(കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്ഥാപനം)
പീച്ചി, തൃശ്ശൂർ - 680 653



വിവിധാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്ന മരങ്ങൾ പുരയിടങ്ങളിൽ നട്ടുവളർത്തി പരിപാലിക്കുന്ന പാരമ്പര്യം മലയാളികൾക്കുണ്ട്. ഇന്ന് കേരളത്തിൽ ഉൽപാദിപ്പിച്ചുപയോഗിക്കപ്പെടുന്ന തടിയുടെ ഭൂരിഭാഗവും വീട്ടുവളപ്പുകളിൽ നിന്നാണ് ലഭ്യമാകുന്നത്. ഈ പശ്ചാത്തലത്തിൽ പുരയിടങ്ങളിലും മറ്റു വനേതര ഭൂമികളിലും വൃക്ഷങ്ങൾ നട്ടു വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ സർക്കാരും മറ്റു വികസന സന്നദ്ധ സംഘടനകളും നടപ്പിലാക്കി വരുന്നുണ്ട്. വനാശ്രയത്തെ കുറയ്ക്കുന്നതിനൊപ്പം തന്നെ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള ഉപാധിയെന്ന നിലയിലും മരം നട്ടുവളർത്തുന്നതിന് പ്രാധാന്യമുണ്ട്. പ്രകൃതിദത്തമായ-പുനരുജ്ജീവന സാദ്ധ്യതയുള്ള വിഭവമായതിനാൽ തടിയധിഷ്ഠിതമായ നിർമ്മാണങ്ങൾ പാരിസ്ഥിക സൗഹൃദപരമാണ്.

വനഭൂമിയിൽ നിന്നുമുള്ള അനധികൃത തടികടത്തൽ ഇല്ലാതാക്കുന്നതിന് വനേതര ഭൂമിയിൽ നിന്നുള്ള മരങ്ങൾ മുറിച്ച് കൊണ്ടു പോകുന്നതിന് ചില നിയന്ത്രണങ്ങൾ ആവശ്യമായി വരുന്നു. ഇതിനായി 2005-ലെ വനേതര ഭൂമിയിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും 2011-ൽ ചട്ടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുരയിടമുൾപ്പെടെയുള്ള വനേതര ഭൂമിയിൽ നിന്ന് തടി ഉപയുക്തമാക്കുന്നതിനുള്ള രേഖകളെയും നടപടി ക്രമങ്ങളെയും പറ്റി ജനങ്ങളെ അറിയിക്കുന്നതിനും അതിലൂടെ മരം നട്ടുവളർത്തുന്നതിനെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചാണ് ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.

## വനേതര ഭൂമി

2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ നിർവ്വചനമനുസരിച്ച് എല്ലാ സ്വകാര്യഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയും വനേതര ഭൂമിയാണ്. എന്നാൽ കാർഡമം ഹിൽ റിസർവ്വ്, പതിച്ച് നൽകിയെങ്കിലും ഡിസ്റിസർവ്വ് ചെയ്യാത്ത വനഭൂമി, ഏതെങ്കിലും നിയമ പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതോ പ്രഖ്യാപിച്ചതായി കരുതപ്പെടുന്നതോ ആയ ഭൂമി, പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകിയിട്ടുള്ള ഭൂമിയോ വനഭൂമിയോ, നെൽപ്പാടങ്ങൾ എന്നിവ വനേതര ഭൂമിയിൽപ്പെടില്ല.

## വിജ്ഞാപനം ചെയ്ത സ്ഥലങ്ങളും അനുവാദം വാങ്ങേണ്ട മരങ്ങളും

വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിൽ 50 വില്ലേജുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട് (അനുബന്ധം-1). ഇതിനു പുറമെ ഏലം, കാപ്പിത്തോട്ടങ്ങൾ, സമുദ്ര തീരത്തെ കണ്ടൽ വനങ്ങൾ എന്നിവയും വിജ്ഞാപനം ചെയ്ത ഭൂവിഭാഗങ്ങളുടെ ഗണത്തിൽ പെടുന്നു. ഈ പ്രദേശങ്ങളിൽ ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള ഭൂവുടമയ്ക്ക് എടുത്തു പറഞ്ഞിട്ടുള്ള (Specified) വൃക്ഷങ്ങളും, ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള ഭൂവുടമക്ക് പട്ടികയിൽ പെട്ട (Scheduled) മരങ്ങൾ ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും മുൻകൂർ അനുവാദം വാങ്ങണം.

### എടുത്തുപറഞ്ഞിട്ടുള്ള (Specified) വൃക്ഷങ്ങൾ

ചന്ദനം (*Santalum album*) തേക്ക് (*Tectona grandis*), ഈട്ടി (*Dalbergia latifolia*), ഇരുൾ (*Xylia xylocarpa*), തേമ്പാവ് (*Terminalia tomantosa*), കമ്പകം (*Hopea parviflora*), ചടച്ചി (*Grewia tiliaefolia*), ചന്ദനവേമ്പ് (*Cedrela toona*), വെള്ളകിൽ (*Dysoxylum malabaricum*), എബണി (*Diospyros sp.*).

### പട്ടികയിൽപ്പെട്ട (Scheduled) മരങ്ങൾ

തെങ്ങ്, റബ്ബർ, കശുമാവ്, വാളൻപുളി, മാവ്, പ്ലാവ്, കുടമ്പുളി, മട്ടി, കവുങ്ങ്, കൊന്ന, ശീമക്കൊന്ന, നെല്ലി, വേപ്പ്, മുരിക്ക്, ജാതി, അൽബീസിയ, പഞ്ഞിമരം, അക്കേഷ്യ, മാഞ്ചിയം, ആഞ്ഞിലി, മഞ്ചാടി, കിളിമരം, വട്ട, ശീമപ്ലാവ്, പാല, പന, അരണമരം, യൂക്കാലിപ്റ്റസ്.

അനുബന്ധം 1-ൽ നൽകിയിരിക്കുന്ന വില്ലേജുകളിലെ വനേതര ഭൂമിയിലെ ഏതു പ്രദേശത്തു നിൽക്കുന്ന ഏതൊരു വൃക്ഷവും ജീവനോ സ്വത്തിനോ അപകടകാരണമാവുകയോ കാറ്റിൽ വീഴുകയോ ചെയ്തു എന്ന കാരണത്താലൊഴികെയോ നിയമത്തിലെ നിർദ്ദിഷ്ട ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം അനുവദനീയമായ രീതിയിലല്ലാതെയോ മുറിക്കുവാനോ പിഴുതുകളയുവാനോ കത്തിക്കുവാനോ മറ്റുവിധത്തിൽ നശിപ്പിക്കുവാനോ പാടില്ല.

മരം മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അനുവാദം ആവശ്യമുള്ള സ്ഥലങ്ങൾ താഴത്തെ പട്ടികയിൽ നിന്നും വ്യക്തമാകും

| വില്ലേജിന്റെ നിജസ്ഥിതി | സ്ഥലത്തിന്റെ വിസ്തൃതി | മരത്തിന്റെ ഇനം | നിയന്ത്രണം | |
|---|---|---|---|---|
| | | | മരം വെട്ടാൻ | കൊണ്ടു പോകാൻ |
| വിജ്ഞാപനം ചെയ്യാത്ത സ്ഥലങ്ങൾ | സ്ഥല വിസ്തൃതി പ്രസക്തമല്ല. | എടുത്തു പറഞ്ഞിട്ടുള്ള മരങ്ങൾ | അനുവാദം വേണ്ട (ചന്ദനമൊഴികെ) | പ്രതിജ്ഞാപത്രം വേണം |
| | | എടുത്തു പറഞ്ഞിട്ടുള്ളതല്ലാത്ത എല്ലാ മരങ്ങൾക്കും | അനുവാദം വേണ്ട | അനുവാദം വേണ്ട |
| വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ | വിസ്തീർണ്ണം ഒരു ഹെക്ടറിൽ (ഏകദേശം രണ്ടേ കാൽ ഏക്കറിൽ) താഴെ | എടുത്തുപറഞ്ഞിട്ടുള്ള മരങ്ങൾക്ക് | അനുവാദം വേണം | അനുവാദം വേണം |
| | | എടുത്തു പറഞ്ഞിട്ടുള്ളതല്ലാത്ത മറ്റേതു മരങ്ങൾക്കും | അനുവാദം വേണ്ട | അനുവാദം വേണ്ട |
| വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ | വിസ്തീർണ്ണം ഒരു ഹെക്ടറിൽ (ഏകദേശം രണ്ടേ കാൽ ഏക്കർ) കൂടുതൽ | പട്ടികയിൽപ്പെട്ട മരങ്ങൾക്ക് | അനുവാദം വേണ്ട | അനുവാദം വേണ്ട |
| | | എടുത്തു പറഞ്ഞിട്ടുള്ളതും പട്ടികയിൽപ്പെട്ടതല്ലാത്തതുമായ എല്ലാ മരങ്ങൾക്കും | അനുവാദം വേണം | അനുവാദം വേണം |

വിജ്ഞാപനം ചെയ്ത സ്ഥലങ്ങളിൽ നിന്ന് മരം മുറിക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും അനുവാദം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് സ്ഥലം റെയിഞ്ചാഫീസർക്കാണ് (അനുബന്ധം -2).

KFRI

**പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാനപനം ചെയ്തിട്ടുള്ള ഭൂമിക്ക് നിയമപരമായി ഒരു റിസർവ് വനത്തിന്റെ പദവിയാണുള്ളത്.**

വിജ്ഞാപനം ചെയ്യാത്ത വില്ലേജുകളിൽ നിന്നും മുറിച്ച എടുത്തു പറഞ്ഞിട്ടുള്ള (Specified) മരങ്ങൾ മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകണമെങ്കിൽ തടിയുടെ ഉടമസ്ഥൻ അനുവാദത്തിനായി സ്ഥലം റെയിഞ്ച് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് (അനുബന്ധം -3).

ഇങ്ങനെ ഫയൽ ചെയ്യുന്ന ഓരോ പ്രതിജ്ഞാ പത്രത്തിനും അപേക്ഷക്കും ഉടൻ തന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും; അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നുമാണ് നിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ തടി കൊണ്ടുപോകുന്നതെങ്കിൽ, പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ആവശ്യമായ പരിശോധന ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നടത്തേണ്ടതാണ്. പ്രതിജ്ഞാപത്രം ലഭിച്ച് 20 ദിവസങ്ങൾക്കുള്ളിൽ ഫോറസ്റ്റ് റെയിഞ്ചാഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതപ്പെടേണ്ടതാണ്. റെയിഞ്ചോഫീസർ അപേക്ഷ നിരസിക്കുന്ന പക്ഷം ആയതിനുള്ള അപ്പീൽ മേലാധികാരിയായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ് (അനുബന്ധം-4).

**വീട്ടുവളപ്പിൽ ചന്ദനമരം വളർത്താമോ?**

വളർത്താം. എന്നാൽ ചന്ദനമരങ്ങൾ മുറിക്കുന്നതും, കൊണ്ടുപോകുന്നതും, വിൽക്കുന്നതും വനം വകുപ്പ് മുഖേന ആയിരിക്കണമെന്ന് ചട്ടപ്രകാരം നിർബന്ധമുണ്ട്. ഉടമസ്ഥന്റെ അപേക്ഷ പ്രകാരം വനം ഉദ്യോഗസ്ഥർ ചന്ദനമരം അളന്ന് മുറിപ്പിച്ച് വകുപ്പിന്റെ മറയൂരിലുള്ള ചന്ദന ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്യും. ലേലം ചെയ്ത് കിട്ടുന്ന തുകയിലെ 30 ശതമാനം അല്ലെങ്കിൽ മുറിക്കാനും ലേലത്തിനും വേണ്ടിവന്ന ചെലവ്, ഇതിൽ ഏതാണോ കൂടുതൽ അത്രയും തുക മാത്രം വകുപ്പ് എടുത്തുകൊണ്ട് ബാക്കി തുക മുഴുവൻ ചന്ദനമരത്തിന്റെ വിലയായി ഉടമസ്ഥന് ലഭിക്കും. അപേക്ഷയുടെ മാതൃക അനുബന്ധം -5ൽ നൽകിയിട്ടുണ്ട്.

KFRI

*അനുബന്ധം 1*

## മരം മുറിക്കാൻ അനുവാദം വാങ്ങേണ്ട 50 വില്ലേജുകൾ

| ക്രമ നമ്പർ | ജില്ല | വില്ലേജ് |
|---|---|---|
| 1 | പത്തനംതിട്ട | അരുവാപ്പുലം |
| 2 | പത്തനംതിട്ട | തണ്ണിത്തോട് |
| 3 | പത്തനംതിട്ട | കൊല്ലുമല |
| 4 | പത്തനംതിട്ട | ചിറ്റാർ-സീതത്തോട് |
| 5 | പത്തനംതിട്ട | റാന്നി-പെരുനാട് |
| 6 | ഇടുക്കി | കണ്ണൻദേവൻ ഹിൽസ് |
| 7 | ഇടുക്കി | കാന്തല്ലൂർ |
| 8 | ഇടുക്കി | മാങ്കുളം |
| 9 | ഇടുക്കി | മന്നാങ്കണ്ടം |
| 10 | ഇടുക്കി | മറയൂർ |
| 11 | ഇടുക്കി | പള്ളിവാസൽ |
| 12 | ഇടുക്കി | അറക്കുളം |
| 13 | ഇടുക്കി | ഇടുക്കി |
| 14 | കോട്ടയം | എരുമേലി (നോർത്ത്) |
| 15 | കോട്ടയം | എരുമേലി (സൗത്ത്) |
| 16 | എറണാകുളം | നേര്യമംഗലം |
| 17 | എറണാകുളം | കുട്ടമ്പുഴ |
| 18 | എറണാകുളം | മലയാറ്റൂർ |
| 19 | തൃശൂർ | പരിയാരം |
| 20 | തൃശൂർ | പീച്ചി |
| 21 | തൃശൂർ | പാണഞ്ചേരി |
| 22 | തൃശൂർ | മാടക്കത്തറ |
| 23 | തൃശൂർ | പുത്തൂർ |
| 24 | പാലക്കാട് | പാടവയൽ |

KFRI

| ക്രമ നമ്പർ | ജില്ല | വില്ലേജ് |
|---|---|---|
| 25 | പാലക്കാട് | പുതൂർ |
| 26 | പാലക്കാട് | ഷോളയൂർ |
| 27 | പാലക്കാട് | കോട്ടത്തറ |
| 28 | പാലക്കാട് | അഗളി |
| 29 | പാലക്കാട് | മംഗലം ഡാം |
| 30 | പാലക്കാട് | മുതലമട-1 |
| 31 | പാലക്കാട് | മുതലമട-2 |
| 32 | പാലക്കാട് | നെല്ലിയാമ്പതി |
| 33 | പാലക്കാട് | പോത്തുണ്ടി |
| 34 | മലപ്പുറം | എടവണ്ണ |
| 35 | മലപ്പുറം | പേരകമണ്ണ |
| 36 | മലപ്പുറം | നിലമ്പൂർ |
| 37 | മലപ്പുറം | അകംപാടം |
| 38 | മലപ്പുറം | ചുങ്കത്തറ |
| 39 | മലപ്പുറം | എടക്കര |
| 40 | കോഴിക്കോട് | ചെമ്പനോട |
| 41 | കോഴിക്കോട് | കാവിലമ്പാറ |
| 42 | കോഴിക്കോട് | കോടഞ്ചേരി |
| 43 | വയനാട് | വെള്ളരിമല |
| 44 | വയനാട് | കൽപ്പറ്റ |
| 45 | വയനാട് | പാടിച്ചിറ |
| 46 | വയനാട് | പുൽപ്പള്ളി |
| 47 | വയനാട് | കാഞ്ഞിരങ്ങാട് |
| 48 | വയനാട് | പെരിയ |
| 49 | കണ്ണൂർ | ആലക്കോട് |
| 50 | കണ്ണൂർ | ആറളം |

KFRI

# FORM II

*Application for permission for cutting of trees and transport of timber from the 'notified areas'*

1. Name and address of the applicant :
2. Survey. No. and extent of the field/s on which the tree/s proposed to be cut, uprooted or burnt stand :
3. Name of the village/Taluk/Block and District where the land on which the trees stand/lie :
4. Proof of ownership of trees :
5. List showing the species of tree/s proposed to be cut or list of logs to be transpoted as the case may be etc. with GBH of the tree (1.4 from ground level) serially numbered :
6. Purpose for which tree/s is proposed to be cut :
7. Details of regeneration proposed :
8. Place to which to be transported :

Place:

Date:

*Signature of the Applicant*

## DECLARATION

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the authorized officer.

*Signature of the Applicant*

**For Office use only**

1. Date of receipt of the application by the authorized officer.
2. Orders of the authorized officer.

Place: No.

Date: Authorised Officer

അനുബന്ധം 3

# FORM I

[See Rule 3a (i)]

*Declaration to be filed for cutting a specified tree or transporting timber of a specified tree from a non-forest land and non-notified area.*

1. Name and address of the applicant :
2. Survey. No. and extent of the field/s on which the tree/s proposed to be cut, uprooted or burnt stand :
3. Name of the Village/Taluk/Block and District where the land on which the tree/s stand or the timber/s lie :
4. Proof of ownership of the tree/s or timber/s :
5. List showing the species of tree/s proposed to be cut or list of logs to be transported, as the case may be, with Girth, Breadth, Height of the tree/s (1.4m from ground level) :
6. Number of trees to be cut :
7. Quantity of timber :
8. Details of regeneration proposed :
9. Reason for seeking permission to cut the tree/s:
10. Place to which timber to be transported and purpose :

*Signature of the Declarant*

Place:
Date:

## Declaration

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the Authorised Officer.

*Signature of the Declarant*

## For Office use only

1. Date of receipt of the application by the Authorised Officer.
2. Opinion of the Authorised officer.
3. Orders of the authorized officer.

Place: No.
Date:

Authorised Officer

FORM I ലേയും II ലേയും അഞ്ചാം നമ്പറിലെ മരങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ മാതൃക താഴെ ചേർക്കുന്നു.

**അളവു പട്ടിക (മാതൃക)**

| ക്രമ നമ്പർ<br>1 | ഇനം<br>2 | മരത്തിന്റെ നീളം<br>3 | തടിയുടെ നീളം<br>4 | മദ്ധ്യ വണ്ണം<br>5 | ഘനമാനം ക്യു.മീറ്റർ<br>6 |
|---|---|---|---|---|---|
| 1. | തേക്ക് | A | 3.40 | 0.97 | 0.199 |
| 2. | തേക്ക് | A | 4.70 | 0.76 | 0.169 |
| 3. | ,, ,, | B | 3.75 | 1.27 | 0.378 |
| 4. | ,, ,, | B | 4.10 | 1.03 | 0.272 |
| 5. | ,, ,, | B | 4.90 | 0.71 | 0.123 |
| | ആകെ | | 20.85 | 4.74 | 1.141 |

(N.B. 1 മുതൽ 5 വരെയുള്ള കോളങ്ങളിലെ മുഴുവൻ വിശദാംശങ്ങളും നിർബന്ധമായും രേഖപ്പെടുത്തണം)

അപേക്ഷകന്റെ ഒപ്പും പേരും മേൽവിലാസവും

---

*അനുബന്ധം 4*

# അപ്പീലിന്റെ മാതൃക

1. Name and address of the applicant :
2. Survey. No. and extent of the land :
3. Name of the village/Taluk/Block and District :
4. Number and date of the order of the authorised office rejecting the request (Copy of the order should be attached) :
5. Grounds of appeal :

Place:

Date:

*Signature of the Appellant*

**DECLARATION**

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the appellate authority.

*Signature of the Appellant*

## FORM IV

[See Clause (iii) of Rule 6]

*Declaration to be filed for cutting, removal and disposal of sandal wood trees in non-forest areas.*

1. Name and address of the applicant :
2. Survey. No. and extent of the field/s on which the sandal wood tree/s proposed to be felled or uprooted stand :
3. Name of the Village/Taluk/Block and District where the land on which the tree/s stand or the sandal wood/lie :
4. Proof of ownership of the tree/s sandal wood :
5. Number of tree/s to be cut :
6. List showing the sandal wood tree/s proposed to be cut with Girth, Breadth, Height of the tree/s (1.4m from ground level) :
7. Quantity of Sandal wood :
8. Reason for seeking permission to cut the tree/s:

*Signature of the Declarant*

Place:

Date:

**Declaration**

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the Authorised Officer.

*Signature of the Declarant*

**For Office use only**

1. Date of receipt of the application by the Authorised Officer.
2. Opinion of the Authorised officer.
3. Orders of the authorized officer.

Place: No.

Date: Authorised Officer

## വൃക്ഷത്തൈകൾ ലഭിക്കുന്നതിനും നടുന്നതിനുമുള്ള സർക്കാർ സഹായങ്ങൾ

സ്വകാര്യ ഭൂമിയിൽ മരങ്ങൾ നടുന്നതിന് സർക്കാർ പ്രോത്സാഹന സഹായങ്ങൾ നൽകി വരുന്നുണ്ട്. വളരെ പ്രാധാന്യമർഹിക്കുന്ന തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഇപ്പോൾ ധനസഹായം നൽകുന്നത്. വ്യക്തിഗത കർഷകർ, വി.എസ്.എസ്., ഇ.ഡി.സി., കുടുംബശ്രീ യൂണിറ്റുകൾ സ്വയം സഹായ സംഘങ്ങൾ, കാർഷിക സഹകരണ സ്ഥാപനങ്ങൾ, സർക്കാതിര സന്നദ്ധ സംഘടനകൾ എന്നിവർക്ക് സഹായത്തിന് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അതാതു ജില്ലകളിലെ സാമൂഹ്യവനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ സമീപിക്കാവുന്നതാണ്.

ഇതു കൂടാതെ വീട്ടുവളപ്പിൽ നടുന്നതിനുള്ള വൃക്ഷതൈകളും സാമൂഹിക വനവൽക്കരണ വിഭാഗം വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സാമൂഹ്യ വനവൽക്കണ വിഭാഗം ഓഫീസുകളിലെ ഫോൺ നമ്പർ താഴെ നൽകുന്നു.

| | |
|---|---|
| തിരുവനന്തപുരം: | 0471 2360462 |
| കൊല്ലം | 0474 2748976 |
| പത്തനംതിട്ട | 0468 2243452 |
| കോട്ടയം | 0481 2310412 |
| ആലപ്പുഴ | 0477 2246034 |
| ഇടുക്കി | 04862 232505 |
| എറണാകുളം | 0484 2344761 |
| തൃശൂർ | 0487 2320609 |
| പാലക്കാട് | 0491 2555521 |
| മലപ്പുറം | 0483 2734803 |
| കോഴിക്കോട് | 0495 2416900 |
| വയനാട് | 04936 202623 |
| കണ്ണൂർ | 0497 2705105 |
| കാസർഗോഡ് | 04994 255234 |



## ട്രീ ഹെൽത്ത് ഹെൽപ്പ് ലൈയിൻ

വെള്ളം, മണ്ണ്, മരങ്ങൾ, വനങ്ങൾ, പ്രകൃതി, കാലാവസ്ഥ എന്നിവയിലെല്ലാമുള്ള നിങ്ങളുടെ സംശയങ്ങളും, ആശങ്കകളും, കെ.എഫ്.ആർ.ഐ.യുമായി പങ്കുവയ്ക്കാം......

ഒരോ പ്രദേശത്തിനും അനുയോജ്യമായ മരങ്ങൾ, മരങ്ങളുടെ നടീൽ ക്രമം, വൃക്ഷ തോട്ടങ്ങളുടെ (പ്ലാന്റേഷൻ) നിർമാണം, മണ്ണ് പരിശോധന, വളം ചെയ്യൽ, രോഗ - കീട - കളകളുടെ നിയന്ത്രണം, മരത്തടി സംരക്ഷണം, വനനിർമാണം - പരിപാലനം, തുടങ്ങിയ പരിസ്ഥിതി സംബന്ധിയായ എല്ലാ സംശയങ്ങൾക്കും കെ.എഫ്.ആർ.ഐ യെ സമീപിക്കാവുന്നതാണ്. കെ.എഫ്. ആർ.ഐയിലെ വിദഗ്ദ്ധരുടെ സേവനം നിങ്ങൾക്കു സ്വീകരിക്കാവുന്നതാണ്.

ഈ സൗജന്യ സേവനത്തിനായി വിളിക്കേണ്ട നമ്പർ:

**0487 2690 222**




# കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി

കേരള ശാസ്ത്ര സാങ്കേതി കൗൺസിലിന്റെ കീഴിൽ വരുന്ന കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ.) വനസംരക്ഷണം, ജൈവ ആവാസ വ്യവസ്ഥകളുടെ നിലനിൽപ്, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ പഠനത്തിന് നിയുക്തമായ ഗവേഷണ സ്ഥാപനമാണ്.

ഉഷ്ണമേഖല വനങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും വനത്തെ സുസ്ഥിരമായ സമൂഹത്തിന് ഉപയുക്തമാക്കാനും കെ.എഫ്.ആർ.ഐയിൽ വിവിധ ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

വിവിധ മരങ്ങളുടെ തൈകൾ ലഭ്യമാവുന്ന ഫോറസ്റ്റ് നഴ്സറി, വിത്തുകൾ ലഭ്യമാവുന്ന ഫോറസ്റ്റ് സീഡ് സെന്റർ, വ്യത്യസ്ത പനകളുടെ ശേഖരണമായ പാമെറ്റം. മരങ്ങളുടെ ശേഖരണമായ ആർബോറിറ്റം, ശലഭ ഉദ്യാനം, മ്യൂസിയം തുടങ്ങിയ നിരവധി വിജ്ഞാന പ്രദമായ വിഭാഗങ്ങൾ കെ.എഫ്.ആർ.ഐ. പീച്ചി ആസ്ഥാനത്ത് സാധാരണക്കാർക്കായി ഒരുക്കിയിട്ടു്.

കെ.എഫ്.ആർ.ഐക്ക് മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ലോക പ്രശസ്ത തേക്ക് മ്യൂസിയം, ബയോറിസോഴ്സ് നേച്ചർ പാർക്ക്, ഗവേഷണ വിഭാഗം എന്നിവയും തൃശ്ശൂർ വേലൂപ്പാടത്ത് വ്യത്യസ്ത മുളകളുടെ ശേഖരവും (ബാംബൂസെറ്റം) അനുബന്ധ ഗവേഷണ വിഭാഗവും ഉണ്ട്. വന തോട്ട നിർമാണം, പരിസ്ഥിതി ആഘാത പഠനം, ഗ്രീൻ ബെൽറ്റുകളുടെ നിർമാണം, വനസംബന്ധമായ വ്യവസായിക സംരംഭങ്ങളുടെ വികസനം എന്നിങ്ങനെ വനവിഭവങ്ങളുടെ വികസന-വിനിയോഗ മേഖലകളിൽ വിദഗ്ധോപദേശങ്ങളും നിർദ്ദേശങ്ങളും കെ.എഫ്.ആർ.ഐ. നൽകുന്നു. മേന്മയേറിയ വൃക്ഷതൈകളും നടീൽ, പരിപാലനം എന്നിവയ്ക്കു വേണ്ട എല്ലാ സഹായങ്ങളും ഈ വനഗവേഷണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നതാണ്.

KFRI


## കേരള വനഗവേഷണ സ്ഥാപനം

(കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്ഥാപനം)

പീച്ചി, തൃശ്ശൂർ - 680 653,

ഫോൺ: 0487 2690100, ഫാക്സ് : 0487 2690111

director@kfri.org www.kfri.res.in